ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:18.08.2025**

## പ്രധാനവാർത്തകൾ

1. പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ഇന്ത്യൻ തുറമുഖ ബിൽ പാർലമെന്റ് പാസ്സാക്കി

2. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയ ആദ്യ ഇന്ത്യൻ സഞ്ചാരി ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻശു ശുക്ലയെ അഭിനന്ദിച്ച് ലോക്സഭ. ഭാരതീയ അന്തരീക്ഷ് സ്റ്റേഷൻ 2035-ഓടെ പ്രവർത്തനക്ഷമമാകുമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ്ങ്.

3. ഡിജിറ്റൽ, സാങ്കേതിക സർവകലാശാലാ വി.സി നിയമനത്തിനുള്ള സെർച്ച് കമ്മറ്റി ചെയർപേഴ്സണായി റിട്ട.ജഡ്ജി സുധാൻഷു ധൂലിയയെ നിയമിച്ച് സുപ്രീം കോടതി.

4. കർഷകരിൽ നിന്നും ഈ വർഷം സംഭരിച്ച നെല്ലിന്റെ വില ഓണത്തിന് മുൻപ് പൂർണ്ണമായും വിതരണം ചെയ്യുമെന്ന് മന്ത്രി ജി. ആർ അനിൽ

5. വോട്ടർ പട്ടിക സംബന്ധിച്ച് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

RNU TVPM

6. **സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യത. വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും നാളെയും ഓറഞ്ച് ജാഗ്രത.**

**********************************

ജിതേന്ദ്രസിംഗ്. (ഇൻട്രോ)

ഇന്ത്യയുടെ ബഹിരാകാശ നിലയം ഭാരതീയ അന്തരീക്ഷ് സ്റ്റേഷൻ 2035-ഓടെ പ്രവർത്തനക്ഷമമാക്കുമെന്നും, 2040 ഓടെ ഇന്ത്യൻ ബഹിരാകാശ സഞ്ചാരികളെ ചന്ദ്രനിലെത്തിക്കുമെന്നും കേന്ദ്രസഹമന്ത്രി ജിതേന്ദ്രസിങ്ങ്. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയ ആദ്യ ഇന്ത്യൻ സഞ്ചാരി ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻശു ശുക്ലയെ അഭിനന്ദിച്ച് ലോക്സഭയിൽ നടന്ന ചർച്ചയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ വളർച്ചയിൽ ബഹിരാകാശ മേഖല നിർണായക പങ്ക് വഹിക്കുന്നതായും മന്ത്രി പറഞ്ഞു. 2047 ലെ വികസിത ഭാരതത്തിൽ ബഹിരാകാശ പദ്ധതികൾക്കുള്ള നിർണ്ണായക പങ്ക് എന്ന വിഷയത്തിലാണ് ചർച്ച നടന്നത്. ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ലയുടെ നേട്ടത്തിൽ രാജ്യം മുഴുവൻ അഭിമാനിക്കുന്നതായും ശ്രീ ജിതേന്ദ്രസിങ്ങ് പറഞ്ഞു.

(വോയ്സ്)

**********************************

പാർലമെൻറ്

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൽ ഇന്നും നടപടിക്രമങ്ങൾ തടസ്സപ്പെട്ടു. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ബിഹാർ തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉന്നയിച്ചായിരുന്നു പ്രതിഷേധം. പ്രതിപക്ഷ ബഹളത്തിനിടെ, ഇന്ത്യൻ തുറമുഖ ബിൽ പാർലമെൻറ് ഇന്ന് പാസ്സാക്കി. ലോക്സഭ മുൻപ് തന്നെ

RNU TVPM

പാസ്സാക്കിയ ബിൽ രാജ്യസഭ ഇന്ന് അംഗീകരിക്കുകയായിരുന്നു. സംസ്ഥാന മാരിടൈം ബോർഡുകൾ, മാരിടൈം വികസന കൗൺസിൽ എന്നിവ രൂപീകരിക്കുന്നതിന് ബിൽ വ്യവസ്ഥ ചെയ്യുന്നു. തുറമുഖങ്ങളുമായി ബന്ധപ്പെട്ട മലിനീകരണം തടയൽ, ദുരന്ത നിവാരണം തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

***********************************

## സെർച്ച് കമ്മറ്റി

സംസ്ഥാനത്തെ ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലെ സ്ഥിരം വി.സി നിയമനവുമായി ബന്ധപ്പെട്ട സെർച്ച് കമ്മറ്റിയുടെ ചെയർപേഴ്സണായി റിട്ട. ജസ്റ്റി സുധാൻഷു ധൂലിയയെ നിയമിച്ച് സുപ്രീം കോടതി. സർക്കാരും ചാൻസലറും നൽകിയ പട്ടികയിൽ നിന്ന് ചെയർപേഴ്സൺ രണ്ട് സർവകലാശാലകൾക്കുമായുള്ള സെർച്ച് കമ്മിറ്റി രൂപീകരിക്കും. ചാൻസലറുടെ രണ്ട് നോമിനി, സംസ്ഥാനത്തിൻറെ രണ്ട് നോമിനി എന്ന നിലയിലാണ് സെർച്ച് കമ്മിറ്റി രൂപീകരിക്കേണ്ടത്. അഞ്ചംഗ സെർച്ച് കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ട നാല് അംഗങ്ങളുടെ പേരുകൾ കൈമാറാൻ കേരള സർക്കാരിനോടും ചാൻസലറായ ഗവർണറോടും സുപ്രീംകോടതി നേരത്തെ നിർദേശിച്ചിരുന്നു.

***********************************

## മന്ത്രി എം ബി രാജേഷ് - കേരള പഞ്ചായത്ത് രാജ്

കേരള പഞ്ചായത്ത് രാജ് 2025 (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടം നിലവിൽ വന്നു. സംരംഭക മേഖലയിലെ കാതലായ മാറ്റമാണ് പുതിയ ചട്ടമെന്ന് മന്ത്രി എം ബി രാജേഷ് പറഞ്ഞു. ഇത് പ്രകാരം, നിയമവിധേയമായ എല്ലാ സംരംഭങ്ങൾക്കും ഇനി പഞ്ചായത്തുകളിൽ നിന്നും

RNJ TVPM

ലൈസൻസ് ലഭിക്കും. ലൈസൻസ് ഇല്ലാത്തതിനാൽ പല സംരംഭങ്ങൾക്കും സബ്സിഡി, ബാങ്ക് വായ്പ എന്നിവ നഷ്ടപ്പെടുന്ന സാഹചര്യം ഇതിലൂടെ പരിഹരിക്കാനാവും. കെട്ടിട നിർമാണ ചട്ടങ്ങളിലെയും, സിവിൽ രജിസ്ട്രേഷൻ ചട്ടങ്ങളിലെയും പരിഷ്കരണങ്ങൾ സംബന്ധിച്ച ഉത്തരവുകൾ അടുത്ത ദിവസം തന്നെ പുറത്തിറക്കുമെന്നും ശ്രീ എം ബി രാജേഷ് അറിയിച്ചു.

**********************************

## ജി.ആർ അനിൽ- നെല്ല്

കർഷകരിൽ നിന്നും ഈ സംഭരണ വർഷം സംഭരിച്ച നെല്ലിൻറെ വില ഓണത്തിന് മുൻപ് പൂർണ്ണമായും വിതരണം ചെയ്യുമെന്ന് മന്ത്രി ജി. ആർ അനിൽ. കേന്ദ്രം നൽകേണ്ട സംഭരണ വില വിഹിതം ഓണത്തിന് മുൻപ് പൂർണ്ണമായും നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കേരളത്തിലെ കർഷകരെ സഹായിക്കുന്നതിന് വേണ്ടി അധികമായി ഒരു പ്രോത്സാഹന ബോണസ് കൂടി സംസ്ഥാന സർക്കാർ നിശ്ചയിച്ച് നൽകുന്നതായും മന്ത്രി അറിയിച്ചു.

RNU TVPM

**********************************

## പാലക്കാട് കർഷകർ..(ഇൻട്രോ)

കൃഷിഭവനുകളിൽ കർഷക ദിനാചാരണം നടക്കുമ്പോഴും കാർഷിക മേഖലയിലെ പ്രതിസന്ധികൾക്ക് പരിഹാരം ആവശ്യപ്പെട്ടുള്ള പ്രതിഷേധത്തിലായിരുന്നു പാലക്കാട് ജില്ലയിലെ കർഷകർ.

ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്..

(വോയ്സ്)

**********************************

## തൃശ്ശൂർ - വോട്ടർ പട്ടിക

തൃശ്ശൂർ ജില്ലയിലെ വോട്ടർ പട്ടികയിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച്, മുൻ തൃശ്ശൂർ ജില്ലാ കളക്ടർ കൃഷ്ണ തേജക്കെതിരെ ഉയരുന്ന ആരോപണങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. സ്വതന്ത്രവും ഘടനാപരവുമായ ഒരു തിരഞ്ഞെടുപ്പ് സംവിധാനത്തിൻറെ ഭാഗമായി പ്രവർത്തിക്കുന്ന തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട എന്തെങ്കിലും ആശങ്കകളോ പരാതികളോ ഉണ്ടെങ്കിൽ തിരഞ്ഞെടുപ്പ് നിയമപ്രകാരം നിർദ്ദേശിച്ചിരിക്കുന്ന ഉചിതമായ നിയമ സംവിധാനങ്ങൾ വഴി പരിഹരിക്കേണ്ടതാണെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പ്രസ്താവനയിൽ അറിയിച്ചു.

***********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

***********************************

## ഗവർണർ - വിമുക്ത ഭടൻമാർ

യുവാക്കൾക്ക് നിർബന്ധിത സൈനികപരിശീലനം നൽകണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ . തിരുവനന്തപുരം പാങ്ങോട് മിലിട്ടറി സ്റ്റേഷനിൽ വിമുക്ത ഭടൻമാരെ ആദരിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. റജിമെൻറിൻറെ 250-ാമത് സ്ഥാപക ദിനത്തോട്

RNU TVPM

അനുബന്ധിച്ച് സംഘടിപ്പിച്ച വീർയാത്ര ബൈക്ക് റാലിയും അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്തു.

*********************************

## അമീബിക് മസ്തിഷ്ക ജ്വരം

കോഴിക്കോട് ജില്ലയിൽ അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ്. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നവരിലാണ് രോഗമുണ്ടാവുന്നതെന്നും രോഗബാധ ഉണ്ടായാൽ 5 മുതൽ 10 ദിവസത്തിനകം ലക്ഷണങ്ങൾ കണ്ടുതുടങ്ങുമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. കടുത്ത തലവേദന, പനി, ഓക്കാനം, ഛർദ്ദി, കഴുത്ത് തിരിക്കാനും വെളിച്ചത്തിലേക്ക് നോക്കാനും ബുദ്ധിമുട്ട് എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ എന്നും ആരോഗ്യവകുപ്പ് വ്യക്തമാക്കി. കോഴിക്കോട് മെഡിക്കൽ കോളെജിൽ അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ രണ്ട് പേരാണ് ചികിൽസയിൽ കഴിയുന്നത്. ഇതിൽ മൂന്ന് മാസം പ്രായമുള്ള കുട്ടിയും ഉണ്ട്.

RNI TVPM

*********************************

## സ്കൂൾ വാൻ - വി ശിവൻകുട്ടി

തിരുവനന്തപുരം മലമുകളിൽ സ്കൂൾ വാൻ അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ ഉള്ള വിദ്യാർത്ഥികളെ മന്ത്രി വി ശിവൻകുട്ടി സന്ദർശിച്ചു. കുട്ടികൾക്ക് എല്ലാ സഹായവും ഉറപ്പാക്കുമെന്ന് മന്ത്രി അറിയിച്ചു. ഇന്ന് രാവിലെയാണ് വാൻ കുഴിയിലേക്ക് വീണ് അപകടമുണ്ടായത്. 31 കുട്ടികൾക്കും ഒരു അധ്യാപികയ്ക്കും പരിക്കേറ്റു.

*********************************

## ശബരിമല തീർത്ഥാടനം മന്ത്രി വീണാ ജോർജ്

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് സമയ ബന്ധിതമായി മികച്ച ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിന് പ്രത്യേക ആക്ഷൻ പ്ലാൻ ഒരുക്കുമെന്ന് മന്ത്രി വീണാ ജോർജ്. ശബരിമല തീർത്ഥാടനം സംബന്ധിച്ച് തിരുവനന്തപുരത്ത് ചേർന്ന ആരോഗ്യ വകുപ്പിന്റെ ഉന്നതതല യോഗത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. ആക്ഷൻ പ്ലാനനുസരിച്ച് ശബരിമലയുമായി ബന്ധപ്പെട്ട എല്ലാ ആശുപത്രികളിലേയും മെയിന്റനൻസ് ജോലികൾ എത്രയും വേഗം പൂർത്തിയാക്കാൻ മന്ത്രി നിർദേശം നൽകി.

*************************************

## മഴ- കേരളം (ഇൻട്രോ)

സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും കർണ്ണാടക തീരത്ത് മറ്റന്നാൾ വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ എം സ്മിതി**

RNU TVPM

**(വോയ്സ്)**

*************************************

## മഴ-പാലക്കാട്

പാലക്കാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ കാറ്റിലും മഴയിലും വ്യാപക നാശനഷ്ടം. ഒറ്റപ്പാലം വീട്ടമ്പാറയിൽ തെങ്ങ് വീണ് വീട് തകർന്നു. ദേശീയപാതയിൽ മണ്ണാർക്കാട് കാഞ്ഞിക്കുളത്ത് മരം വീണ് മണിക്കൂറുകളോളം ഗതാഗതം തടസപ്പെട്ടു. കിഴക്കഞ്ചേരിയിൽ വീടിൻറെ മേൽക്കൂര തകർന്നു വീണ് രണ്ടുപേർക്ക് പരിക്കേറ്റു.

***********************************

## ഗ്യാപ് റോഡ്- യാത്ര നിരോധനം

ഇടുക്കിയിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചതിൻറെയും മണ്ണിടിച്ചിൽ സാധ്യതയുടെയും പശ്ചാത്തലത്തിൽ രണ്ട് ദിവസത്തേക്ക് മൂന്നാർ ഗ്യാപ് റോഡിൽ രാത്രി യാത്ര നിരോധിച്ചു. രാത്രിയും പകലും ഗ്യാപ് റോഡിൻറെ വശങ്ങളിൽ വാഹനങ്ങളുടെ പാർക്കിങ്ങും പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്.

***********************************

## നെഹ്റു ട്രോഫി

നെഹ്റു ട്രോഫി വള്ളംകളി ദിനമായ ആഗസ്റ്റ് 30 ന് ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി, ചെങ്ങന്നൂർ താലൂക്കുകളിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രാദേശിക അവധി അനുവദിച്ച് ജില്ലാ കളക്ടർ ഉത്തരവിട്ടു. പൊതു പരീക്ഷകൾ മുൻ നിശ്ചയ പ്രകാരം നടക്കും. അതേസമയം നെഹ്റു ട്രോഫി വള്ളംകളി കാണാൻ കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസം സെൽ പ്രത്യേക ക്രമീകരണമൊരുക്കിയിട്ടുണ്ട്. വള്ളംകളിയുടെ ടിക്കറ്റ് സഹിതമാണ് യാത്ര ക്രമീകരിച്ചിരിക്കുന്നത്.

RNU TVPM

***********************************

## സെൻസെക്സ്+ സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 676 പോയിന്റ് ഉയർന്ന് 81,274 ലും, നിഫ്റ്റി 245 പോയിൻറ് നേട്ടത്തിൽ 24,877 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവിലയിൽ മാറ്റമില്ല. പവന് 74,200 രൂപയും ഗ്രാമിന് 9,275 രൂപയുമാണ് ഇന്നത്തെ വില.

*****************************************************************************************

*******************